# അഗതിമന്ദിരങ്ങളിൽ മതബോധന വിദ്യാർത്ഥികൾ ശുശ്രൂഷ ചെയ്യണം

**സ്വന്തം ലേഖകൻ**

എറണാകുളം

എറണാകുളം അതിരൂപതയിൽ ആരംഭിച്ച സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാം മതബോധന വിദ്യാർത്ഥികളിൽ സാമൂഹ്യപ്രതിബദ്ധത വളർത്തുന്നു. ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ വിദ്യാർത്ഥികൾ സാമൂഹ്യ പ്രതിബദ്ധത പുലർത്തുന്ന സേവനപ്രവർത്തനങ്ങളിൽ ഏർപ്പെടണം.

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലിയനുസരിച്ച് ഡിപ്ലോമ ക്ലാസുകൾ 'ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും' എന്ന വിഷയത്തെ അധികരിച്ചാണ്. സഭാത്മക ജീവിതത്തിലൂടെ നേടിയെടുക്കുന്ന വിശ്വാസം സാമൂഹ്യജീവിതത്തിൽ എപ്രകാരം പ്രഘോഷിക്കുകയും പ്രകടിപ്പിക്കുകയും വേണം എന്ന് കുട്ടികളെ പരിശീലിപ്പിക്കുകയാണ് ഡിപ്ലോമ ക്ലാസുകളുടെ ലക്ഷ്യം. ഞായറാഴ്ചകളിൽ സഭാത്മക ജീവിതശൈലിയിൽ പങ്കുചേരുന്ന കുട്ടികൾക്ക് സമൂഹത്തിന്റെ പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളിലും പങ്കുചേരാൻ അവസരം നൽകുക എന്ന ഉദ്ദേശത്തോടെയാണ് 'സോഷ്യൽ ഔട്ട്റീച്ച്' പ്രോഗ്രാം വിഭാവനം ചെയ്യുന്നതെന്ന് എറണാകുളം അതിരൂപത മതബോധനവിഭാഗം ഡയറക്ടർ റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് പറയുന്നു.

വൃദ്ധമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ, സർക്കാർ ആശുപത്രികൾ തുടങ്ങിയവ സന്ദർശിച്ച് ജീവിതയാഥാർത്ഥ്യങ്ങളെ ഹൃദയത്തിൽ പതിയാൻ തക്കവിധം ഒരു ദിവസം മുഴുവൻ അവരോടൊപ്പം ചെലവഴിച്ച് വേണ്ടുന്ന ശുശ്രൂഷകൾ ചെയ്യണം. ഡിപ്ലോമാ സർട്ടിഫിക്കറ്റ് ലഭിക്കാൻ കോൺടാക്ട് ക്ലാസിനെന്നപോലെ ഇതിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. 25 മാർക്ക് ഇതിനായി മാറ്റിവയ്ക്കുന്നു. 15 മാർക്ക് പങ്കാളിത്തത്തിനും 10 മാർക്ക് റിപ്പോർട്ടിനും. പങ്കെടുത്തവരുടെ

*(ശേഷം പേജ് 7- ൽ)*

ലിസ്റ്റ് അധ്യാപകന്റെ കുറിപ്പോടെയും (എന്ന്, എവിടെ, എങ്ങനെ സന്ദർശനം നടന്നു) വികാരിയച്ചന്റെ ഒപ്പോടെയും കുട്ടികളുടെ സന്ദർശന റിപ്പോർട്ടിനൊപ്പം ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം.

എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും കുട്ടികൾക്ക് സ്വന്തം ഇടവക നടത്തുന്ന സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാമിൽ പങ്കെടുക്കാൻ സാധിക്കാതെ പോയാൽ, വികാരിയച്ചന്റെ അനുവാദത്തോടെ മറ്റേതെങ്കിലും ഇടവക നടത്തുന്ന സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാമിൽ പങ്കുചേർന്ന് ആവശ്യമായ വ്യവസ്ഥകൾ പൂർത്തിയാക്കാവുന്നതാണ്. സന്ദർശന കേന്ദ്രം, തിയതി എന്നിവയുടെ കാര്യത്തിൽ ഇടവകയുടെ സൗകര്യമാണ് പ്രധാനം. എന്തെങ്കിലും കാരണവശാൽ സന്ദർശന കേന്ദ്രം തിരഞ്ഞെടുക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നപക്ഷം അതിരൂപത മതബോധനകേന്ദ്രവുമായി ബന്ധപ്പെടുവാനും നിർദ്ദേശിച്ചിട്ടുണ്ട്.